(ബി) ഏതെല്ലാം കരാറുകാർക്ക് ഏതെല്ലാം വർഷത്തെ എന്തുതുക വീതം കൊടുത്തുതീർക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണംചെയ്ത കരാറുകാർക്ക് പണം കൊടുത്തുതീർക്കാത്തതിനുകാരണമെന്തെന്നും മാനദണ്ഡങ്ങൾ പ്രകാരവും കരാർ പ്രകാരവും സാധനങ്ങൾ വിതരണം ചെയ്തവർക്ക് പണം എപ്പോൾ കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സപ്ലൈകോയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് ബില്ലുകൾ ഹെഡ് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തുക വിട്ടുനൽകുകയാണ് ചെയ്യുന്നത്. ഓരോ മാസവും 9000-ത്തോളം ബില്ലുകളാണ് പർച്ചേസ്, ടി. & ബി.പി , എഫ്.എം.സി.ജി. എന്നീ സെക്ഷനുകളിൽ ലഭിക്കുന്നത്. ഇവ അതാത് സെക്ഷനിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രീ-ഓഡിറ്റിനയയ്ക്കുകയും അവിടുന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പണം നൽകുന്നതിനായി ഫൈനാൻസ് സെക്ഷനിലേക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത്. ഫൈനാൻസ് സെക്ഷനിൽ നിന്നുമുള്ള നടപടികൾ പൂർത്തിയാക്കി കരാറുകാരുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ RTGSവഴി തുക അയയ്ക്കുകയാണ് ചെയ്യുന്നത്. ഇത്രയും ബില്ലുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം മാത്രമേ ഉണ്ടാകാറുള്ളൂ. ഈയിനത്തിൽ കുടിശ്ശിക തുകയായി യാതൊന്നുംതന്നെ നൽകുവാനാവില്ല.

(സി) ബാധകമല്ല.

## സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ

241 (7212) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ;

(ബി) പുതുതായി ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ളത് ഏതെല്ലാം സ്ഥലങ്ങളിലാണ് ;

(സി) ഓരോ ഹൈപ്പർമാർക്കറ്റിന്റെയും നിർമ്മാണം ഏതുഘട്ടത്തിലാണ് ;

(ഡി) ഹൈപ്പർമാർക്കറ്റ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും വ്യവസ്ഥകളും എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒന്നിലധികം ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ള ജില്ലകൾ ഏതെല്ലാമാണ് ;

(എഫ്) ഒരു നിയോജകമണ്ഡലത്തിൽത്തന്നെ ഒന്നിലധികം ഹൈപ്പർ മാർക്കറ്റുകൾ അനുവദിച്ചിട്ടുള്ള മണ്ഡലം ഏതാണ് ; ഇത്തരത്തിൽ ഒന്നിലധികം ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചത് ഏത് മാനദണ്ഡവും വ്യവസ്ഥയും പ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ജി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഹൈപ്പർമാർക്കറ്റുകളുടെ നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതാരാണ് ;

(എച്ച്) ഓരോ ഹൈപ്പർമാർക്കറ്റിന്റെയും നിർമ്മാണത്തിന് എന്തുതുക വീതം ചെലവഴിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) കേരളത്തിൽ സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നത് താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് :

| ജില്ല | സ്ഥലം |
|---|---|
| തിരുവനന്തപുരം | വഴുതക്കാട് |
| കോട്ടയം | കോട്ടയം |
| എറണാകുളം | എറണാകുളം ഗാന്ധിനഗർ |
| കണ്ണൂർ | തലശ്ശേരി |

(ബി) പുതുതായി ഹൈപ്പർ മാർക്കറ്റുകൾ അനുവദിച്ചിട്ടുള്ളത് താഴെപ്പറയും പ്രകാരമാണ് :

| ജില്ല | സ്ഥലം |
|---|---|
| കൊല്ലം | 1. കരുനാഗപ്പള്ളി<br>2. കൊല്ലം ഡിപ്പോ കോമ്പൗണ്ട് |
| പത്തനംതിട്ട | തിരുവല്ല |
| എറണാകുളം | പിറവം<br>(ഹൈപ്പർ മാർക്കറ്റ് ഉൾപ്പെടുന്ന സബർബൻ മാൾ നിർമ്മിക്കുന്നതിന്) |

(സി) സപ്ലൈകോയുടെ സ്വന്തം കെട്ടിടത്തിലാണ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. കരുനാഗപ്പള്ളിയിൽ സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബേസ്മെന്റ് ഫ്ളോർ നിർമ്മാണം കഴിഞ്ഞു. ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം പുരോഗമിക്കുന്നു. പിറവം ഗ്രാമ പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഹൈപ്പർ മാർക്കറ്റ് ഉൾപ്പെടുന്ന സബർബൻ മാൾ നിർമ്മാണത്തിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

തിരുവല്ലയിൽ ഗോഡൗണുകളും ഹൈപ്പർ മാർക്കറ്റും ചേർന്നുള്ള പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഗോഡൗൺ പദ്ധതിയും ഹൈപ്പർ മാർക്കറ്റ് കോംപ്ലക്സും വെവ്വേറെ പദ്ധതികളിലായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലത്ത് ഹൈപ്പർ മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിവരുന്നു.

(ഡി) സപ്ലൈകോയുടെ സ്വന്തം സ്ഥലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ദീർഘകാല വീക്ഷണത്തോടുകൂടി ആരംഭിക്കുന്ന ഒരു സംരംഭമാണ് ഹൈപ്പർ മാർക്കറ്റുകൾ

(ഇ) കൊല്ലം ജില്ലയിൽ മാത്രം.

(എഫ്) ഇപ്രകാരം അനുവദിക്കുന്നില്ല.

(ജി) ഹൈപ്പർ മാർക്കറ്റുകളുടെ നിർമ്മാണ തുക സപ്ലൈകോയുടെ തനതുഫണ്ടിൽനിന്നാണ് ലഭ്യമാക്കുന്നത്.

(എച്ച്) കരുനാഗപ്പള്ളി ഹൈപ്പർ മാർക്കറ്റിനും പിറവം സബർബൻ മാളിനുംകൂടി 14.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. തിരുവല്ല, കൊല്ലം എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു.

**സിവിൽസപ്ലൈസ് കോർപ്പറേഷനിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ**

242 (7213) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനിലെ ധനകാര്യ വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും മൂന്നു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്വത്തിലും ഒരാൾക്ക് എത്ര വർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡപ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിലുള്ള സെക്ഷനിൽനിന്നും നിലവിലുള്ള ഉത്തരവാദിത്വങ്ങളിൽ നിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly